# പൂച്ച സന്യാസിമാരും സുവിശേഷ വ്യവസായികളും

ഫാ. ഡോ. കെ. എം. ജോർജ്ജ്

ഭാരതത്തിലെ പുരാതനമായ ബൗദ്ധ-ജൈന സന്യാസപൈതൃകത്തിന്റെയും ഋഷി പാരമ്പര്യത്തിന്റെയും ഫലമായിട്ടായിരിക്കണം സന്യാസിയുടെ രൂപത്തോട് മിക്ക ഭാരതീയർക്കും അദമ്യമായ ഒരു ആകർഷണമുണ്ട്. ജനങ്ങളുടെ മനസ്സിൽ സൂക്ഷിച്ചിരിക്കുന്ന ആദ്ധ്യാത്മിക ആദർശങ്ങളുടെയും അതീന്ദ്രിയമായ ദർശനത്തിന്റെയും മൂർത്തരൂപമായിട്ടാണ് സന്യാസിയെ ഭാരതത്തിൽ കാണുന്നത്. സന്യാസി സർവ്വവും ത്യജിച്ചവനാണ്, ലോകത്തോടുള്ള ആഗ്രഹത്തിൽനിന്ന് വിമുക്തനാണ് എന്നൊക്കെ ജനങ്ങൾ വിശ്വസിക്കുന്നു. മാത്രവുമല്ല പുരാതനകാലം മുതൽക്കുതന്നെ മനുഷ്യജീവിതത്തിൽ മാർഗനിർദേശവും ഉപദേശവും ലഭിക്കുന്നതിനു ഋഷിമാരുടെ അടുത്തുപോകുന്ന ഒരു രീതിയും പുരാണേതിഹാസങ്ങളിലൂടെ നമുക്കു പരിചിതമാണ്. ജനങ്ങളുടെ ഈ ആദ്ധ്യാത്മിക ആഭിമുഖ്യത്തെയാണ് കള്ളസന്യാസിമാർ ചൂഷണം ചെയ്യുന്നത്.

സന്യാസം എന്നു തുടങ്ങിയോ അന്നു മുതൽ പൂച്ചസന്യാസിമാരും ഉള്ളതായാണ് നമ്മുടെ പുരാണകഥകളിൽ നാം കാണുന്നത്. അതുകൊണ്ട് നല്ല സന്യാസിയെയും കള്ള സന്യാസിയെയും തിരിച്ചറിയാനുള്ള കഴിവ് ജനങ്ങൾക്ക് ലഭിക്കേണ്ടതാവശ്യമാണ്. ഒരു വൃക്ഷത്തെ അതിന്റെ ഫലം കൊണ്ടാണ് അറിയുന്നത് എന്ന് യേശുക്രിസ്തു പറഞ്ഞു. വൃക്ഷം നല്ലതോ ചീത്തയോ എന്നുള്ളതിന്റെ ഉരകല്ലാണ് ഫലം. നല്ല ഫലം കായ്ക്കുന്നത് നല്ല വൃക്ഷവും വിഷക്കനി നൽകുന്നത് വിഷവൃക്ഷവുമാണ് എന്ന് നമുക്കറിയാം. സർവ്വസംഗപരിത്യാഗി എന്നു ജനങ്ങൾ വിശ്വസിക്കുന്ന ഒരു സന്യാസി ഭക്തിയോടെ തന്റെ അടുത്തുവരുന്ന വിശ്വാസികളെ മുതലെടുത്ത് ഭൂമിയും മറ്റു സ്വത്തുക്കളും തനിക്കായി വാങ്ങിച്ചുകൂട്ടുകയോ അവരെ അധാർമികമായ പ്രവർത്തികൾക്ക് പ്രേരിപ്പിക്കുകയോ ചെയ്യുന്നതായി ചെറിയൊരു സൂചനയെങ്കിലും ലഭിച്ചാൽ ആ സന്യാസി വിഷവൃക്ഷമാണെന്ന് നാം തിരിച്ചറിയണം. ഇവിടെ മതത്തിന്റെ വ്യത്യാസങ്ങളൊന്നുമില്ല. എല്ലാ മതങ്ങളിലും ഉദരംഭരികളായ സന്യാസിമാരും സിദ്ധന്മാരുമുണ്ട്. കേരളത്തിന്റെ 35 ഡിഗ്രി പൊള്ളുന്ന ചൂടിൽ കോട്ടും ടൈയ്യുമണിഞ്ഞ് വേദിയിൽ ഓടുകയും അലറുകയും, ക്രിക്കറ്റ് സ്റ്റേഡിയത്തിലെ ചിയർഗേൾസിനു സമാനമായി കൈയ്യടിക്കാരെയും സാക്ഷ്യക്കാരെയും സംഘടിപ്പിക്കുകയും ചെയ്യുന്ന സുവിശേഷവ്യവസായികൾ നസ്രായനായ യേശുവിന്റെ സുവിശേഷമല്ല പ്രഖ്യാപിക്കുന്നത്.

നമ്മുടെ നാട്ടിൽ ദ്രുതഗതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മാറ്റങ്ങൾ വളരെയേറെയാളുകളുടെ സുരക്ഷിതത്വബോധത്തെ പിടിച്ചുലക്കുന്നുണ്ട്. അതീവശാന്തവും താളാത്മകവുമായ ഒരു ഗ്രാമീണ കാർഷികസാമൂഹ്യവ്യവസ്ഥയിൽനിന്ന് എത്ര പെട്ടെന്നാണ് നാം ആഗോളവൽക്കരണത്തിന്റെ സൂപ്പർഹൈവേയിലേക്ക് പ്രവേശിച്ചത്. ഒരു പുതിയ തലമുറക്ക് വളരെ പെട്ടെന്ന് പണവും പാശ്ചാത്യജീവിതശൈലിയിലുള്ള സൗകര്യങ്ങളും വർധിക്കുകയും കുടുംബജീവിതവും സാമൂഹ്യബന്ധങ്ങളും അതിവേഗം മാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്യുന്നു. ഈ ശക്തമായ ഒഴുക്കിൽപെട്ടുലയുന്ന പലരും തേടുന്ന പിടിവള്ളിയാണ് സന്യാസിമാരും അത്ഭുതരോഗശാന്തിക്കാരും മറ്റും. ഈ പ്രവാഹത്തിന്റെ ശക്തി കൂട്ടുന്നതിന് മാധ്യമങ്ങൾ ഒരു വലിയ പങ്ക് വഹിക്കുന്നു സന്യാസിമാരുടെയും സുവിശേഷകന്മാരുടെയും ആസ്ഥാനങ്ങൾ റെയ്ഡ്

ചെയ്യുന്ന  രംഗങ്ങൾ കാണിച്ചുകൊണ്ടിരുന്ന ഒരു ചാനൽ അതേസമയം സ്ക്രീനിൽ ഒരു ഫ്ളാഷ് പരസ്യവും കാണിച്ചിരുന്നു. ജാതിമതഭേദമെന്യേ എല്ലാവർക്കും സമസ്ത അനുഗ്രഹങ്ങളും വാഗ്ദാനം ചെയ്യുന്ന ഒരു ജ്യോതിഷാലയത്തിന്റെ പരസ്യമായിരുന്നു അത്. ഇതാണ് മാധ്യമങ്ങളിലെ വൈരുധ്യം. പത്രങ്ങളും ചാനലുകളും കള്ളസന്യാസിമാരുടെയും വ്യാജസുവിശേഷകന്മാരുടെയും ലക്ഷങ്ങൾ 'പരസ്യ'മായി വാങ്ങുമ്പോൾ അവയും പരോക്ഷമായി നമ്മുടെ സമൂഹത്തിന്റെ ഈ ധാർമിക പ്രതിസന്ധിക്ക് കാരണക്കാരായിത്തീരുന്നു.

ജനങ്ങൾക്ക് ഇതേക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുകയും സർക്കാരുകൾ നീതിന്യായനിയമവകുപ്പുകളിലൂടെ ശക്തവും നീതിപൂർവ്വകവുമായ നിലപാടുകൾ എടുക്കുകയും ചെയ്യേണ്ടതാണ്. ഭൂമിയെ ചൂഷണം ചെയ്യുന്ന എല്ലാ പ്രസ്ഥാനങ്ങളും വർധിച്ചുവരുന്ന റിയൽ എസ്റ്റേറ്റുമാഫിയായുമായി അറിഞ്ഞോ അറിയാതെയോ കൈകോർക്കുന്നവരാണ്. നമ്മുടെ മധ്യവർഗത്തിൽ പെട്ടെന്നുണ്ടായ സാമ്പത്തികപുരോഗതിയും വിദേശരാജ്യങ്ങളിൽ നിന്നുവരുന്ന അമിതസമ്പത്തും എങ്ങനെ ക്രിയാത്മകമായി വിനിയോഗിക്കണം എന്നുള്ളതിനെക്കുറിച്ചുള്ള അറിവില്ലായ്മയും ഇതിന്റെ പുറകിലുണ്ട്. സാധാരണക്കാർക്ക് നീതിയും സുരക്ഷിതത്വബോധവും നല്ല വിദ്യാഭ്യാസവും ആരോഗ്യപരിപാലനവുമൊക്കെ ലഭിക്കുന്നതിന് പുതിയ സമ്പത്ത് ഉപയുക്തമാക്കേണ്ടതാണ്. പക്ഷേ സാമൂഹ്യനീതിയിലും പാവങ്ങളോടുള്ള കരുണയിലും അടിയുറച്ച വ്യവസ്ഥിതി ഇവിടെ ഉടലെടുത്തെങ്കിൽ മാത്രമേ പുതുപ്പണത്തിന്റെ ആരോഗ്യകരമായ വിനിയോഗം ഉണ്ടാകുകയുള്ളൂ. മതനേതാക്കളും രാഷ്ട്രീയക്കാരും സർക്കാരും ഒരുമിച്ചുനിന്ന് ശക്തമായി പ്രവർത്തിക്കേണ്ട ഒരു മേഖലയാണിത്. ജനങ്ങൾക്ക് ആശ്രയിക്കാനും അഭയം നൽകാനും കഴിവുള്ള നേതാക്കളുടെ എണ്ണം  മതങ്ങളിലും രാഷ്ട്രീയ രംഗത്തും കുറഞ്ഞുവരുന്നു എന്നുള്ളത് വളരെ ആശങ്കാജനകമാണ്. ഉന്നതസ്ഥാനീയരായ പലരും ഇത്തരം മാഫിയാകളുടെ പിണിയാളുകളായിത്തീരുന്നു എന്നുള്ളതും നമ്മെ ഭയപ്പെടുത്തുന്ന സംഗതിയാണ്. സമൂഹത്തിന്റെ പൊതുഭാവിയെക്കുറിച്ചു താത്പര്യമുള്ള എല്ലാവരും അതീവ ജാഗ്രതയോടെ ഈ വിഷയങ്ങൾ കൈകാര്യം ചെയ്താൽ നമ്മുടെ സമൂഹത്തിനെ ഗ്രസിച്ചിരിക്കുന്ന ഈ ഇരുട്ടിനെ കുറെയേറെ നീക്കം ചെയ്യാൻ കഴിയും.